*No.TS/4/2020-Title (RNI)*

**Office of Registrar of Newspapers for India**
(M/o Information & Broadcasting)
9th Floor, Soochna Bhawan, CGO Complex,
Lodhi Road, New Delhi-110003.

Dated 08/09/2020

# NOTICE TO PUBLISHERS

**Subject: Title Verification Guidelines reg.**

The Title verification guidelines as amended on 08.09.2020 by the competent authority is attached. Following may kindly be noted:

(i) The amended guidelines will be effective from today (i.e. 08.09.2020), except for (ii) below

(ii) The *Clause 16(a)* of the guidelines shall be effective from 01st January 2021 or, if notified otherwise

(iii) The guidelines are now made available in Urdu, Gujarati, Marathi, Bengali, Odia, Assamese, Kannada, Telugu, Malayalam and Tamil languages, in addition to Hindi and English.

(Joyce Philip)
Asst. Press Registrar

**നമ്പർ : TS/4/2020-ശീർഷകം (ആർ.എൻ.ഐ)**
**ഇന്ത്യാ ഗവൺമെന്റ്**
**ഓഫീസ് ഓഫ് ദ രജിസ്ട്രാർ ഓഫ് ന്യൂസ്പേപ്പേഴ്സ് ഫോർ ഇന്ത്യ**
**(വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം)**
**ഒൻപതാം നില, സൂചനാ ഭവൻ, സി.ജി.ഒ. കോംപ്ലക്സ്,**
**ലോധി റോഡ്, ന്യൂഡൽഹി– 110003**

തീയതി: 8 സെപ്റ്റംബർ, 2020

<u>വർത്തമാന പത്രങ്ങളുടെ ശീർഷക ലഭ്യത പരിശോധിക്കുന്നതിനുള്ള മാർഗരേഖ</u>

1. 'പൊതു വാർത്തകളോ പൊതുവാർത്തകളെക്കുറിച്ചുള്ള അഭിപ്രായങ്ങളോ ഉൾപ്പെടുന്ന അച്ചടിക്കപ്പെട്ട ഏത് ആനുകാലിക പ്രസിദ്ധീകരണവും' എന്നു നിർവചിക്കപ്പെട്ട 'വർത്തമാന പത്രങ്ങ'ളുടെ രജിസ്ട്രേഷനുള്ള വ്യവസ്ഥ പ്രസ് ആൻഡ് റജിസ്ട്രേഷൻ ഓഫ് ബുക്സ് ആക്റ്റ് 1867ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

2. വർത്തമാന പത്രം പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിയും വർത്തമാന പത്രത്തിനു നിർദേശിക്കപ്പെട്ട പേര് (പേരുകൾ) ഉൾപ്പെടെ നിശ്ചിത അധികാരികൾ മുൻപാകെ ഒരു പ്രസ്താവന സമർപ്പിക്കണം.

    എ) നിർദേശിക്കപ്പെട്ട പേരിലോ സമാനമായ പേരിലോ ആ സംസ്ഥാനത്ത് ഒരു ഭാഷയിലും മറ്റൊരു പ്രസിദ്ധീകരണം ഇല്ലെന്നും

    ബി)അതോ സമാനമായതോ ആയ ശീർഷകം ഇന്ത്യയിൽ ഒരിടത്തും അതേ ഭാഷയിൽ ഇല്ലെന്നും

    പ്രസ് റജിസ്ട്രാറിൽ നിന്ന് ഉറപ്പു വാങ്ങിയ ശേഷം നിശ്ചിത അധികാരികൾ ആ പ്രസ്താവനയ്ക്ക് അംഗീകാരം നൽകും.

3. ശീർഷക പരിശോധനയ്ക്ക് (ടൈറ്റിൽ വെരിഫിക്കേഷൻ) അപേക്ഷിക്കും മുൻപ് അപേക്ഷകൻ ആർ.എൻ.ഐ. വെബ്സൈറ്റിലെ 'Verified Titles/Title Search' മെനുവിലെ തെരഞ്ഞെടുക്കപ്പെട്ട ശീർഷകങ്ങളുടെ നീണ്ട പട്ടിക പരിശോധിക്കുകയും ആർ.എൻ.ഐ. അനുവദിച്ച ശീർഷകങ്ങളുടെ പട്ടികയിൽ താൻ അപേക്ഷിക്കുന്ന പേര് ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പാക്കുകയും വേണം. ആർ.എൻ.ഐ. വെബ്സൈറ്റിലുള്ള പേരുകൾ അനുവദിക്കപ്പെട്ടവയാണ് എന്നതുകൊണ്ട് അനുവദിക്കപ്പെട്ട ശീർഷകങ്ങളുടെ പട്ടികയിൽ പെടാത്ത പേര്/പേരുകൾ ലഭ്യമാകുമെന്ന് അർഥമാക്കുന്നില്ല.

    ശീർഷകം (ടൈറ്റിൽ) അനുവദിക്കുകയോ അനുവദിക്കാതിരിക്കുകയോ ചെയ്യാനുള്ള അന്തിമ അധികാരം പ്രസ് രജിസ്ട്രാറിൽ നിക്ഷിപ്തമാണ്.

4. ഓൺലൈൻ വഴി മാത്രമേ ദിനപത്രങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും ശീർഷക പരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കാനാകൂ. അപേക്ഷാ ഫോം ആർ.എൻ.ഐ. വെബ്സൈറ്റായ www.rni.nic.inൽ ലഭ്യമാണ്. ഇതിന്റെ ഒരു പ്രിന്റ് നിശ്ചിത അധികാരി (ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ മജിസ്ട്രേറ്റ്/എക്സിക്യൂട്ടിവ് മജിസ്ട്രേറ്റ്) വഴി ആർ.എൻ.ഐക്ക് അയയ്ക്കണം.

5. അപേക്ഷ അയയ്ക്കുന്ന നിശ്ചിത അധികാരിയുടെ സീലും ഒപ്പും ശീർഷകത്തിനായുള്ള അപേക്ഷയുടെ എല്ലാ പേജിലും തെളിഞ്ഞു പതിഞ്ഞിരിക്കണം.

6. ജില്ലാ മജിസ്ട്രേറ്റോ നിശ്ചിത അധികാരിയോ അയച്ച ശീർഷക അപേക്ഷയുടെ അസ്സൽ കോപ്പി മാത്രമേ ശീർഷക പരിശോധനയ്ക്കായി ആർ.എൻ.ഐ. പരിഗണിക്കുകയുള്ളൂ. ഫോട്ടോ കോപ്പികൾ പരിഗണിക്കില്ല. അപേക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള വെട്ടിത്തിരുത്തലോ, വൈറ്റ് ഫ്ളൂയിഡോ മറ്റോ ഉപയോഗിച്ചുള്ള മാറ്റം വരുത്തലോ പാടുള്ളതല്ല.

7. ഒരു അപേക്ഷയിൽ ഒന്നിലേറെ ഭാഷകൾ പരാമർശിച്ചിട്ടുണ്ടെങ്കിൽ അപേക്ഷ ഇരു ഭാഷകളിലോ (ബൈ ലിംഗ്വൽ) ബഹു ഭാഷകളിലോ (മൾട്ടി ലിംഗ്വൽ) ഉള്ള വർത്തമാന പത്രത്തിനുള്ള അപേക്ഷയായി കണക്കാക്കി അനുയോജ്യമായ രീതിയിൽ പരിശോധിക്കും.

8. പ്രസിദ്ധീകരിക്കുന്ന വർത്തമാന പത്രം ഒരു ഭാഷയിൽ മാത്രമോ രണ്ടു ഭാഷകളിലോ പല ഭാഷകളിലോ ഉള്ളതാകാം. രണ്ടു ഭാഷകളിലോ ബഹുഭാഷകളിലോ ഉള്ള പ്രസിദ്ധീകരണമാണെങ്കിൽ ശീർഷകത്തിന് അംഗീകാരം നൽകിയ ഭാഷകളിലെല്ലാം ഉള്ള വാർത്തകളോ ലേഖനങ്ങളോ ഉണ്ടായിരിക്കണം. വിവിധ ഭാഷകളിൽ വെവ്വേറെ പ്രസിദ്ധീകരണങ്ങളാണ് ഉദ്ദേശിക്കുന്നതെങ്കിൽ, ഓരോന്നിനും വെവ്വേറെ അപേക്ഷകൾ സമർപ്പിക്കണം.

9. നിലവിലുള്ള പ്രസിദ്ധീകരണത്തിന്റെ പുതിയ എഡിഷൻ അതേ സംസ്ഥാനത്തിലെ മറ്റൊരു ജില്ലയിൽനിന്ന് അതേ ഭാഷയിൽ തന്നെ പ്രസിദ്ധീകരിക്കണമെങ്കിൽ മുൻകൂട്ടി ശീർഷക പരിശോധന നടത്തേണ്ടതില്ല. രജിസ്ട്രേഷൻ നമ്പറും സാക്ഷ്യപത്രവും അനുവദിക്കുന്നതിനായി ആർ.എൻ.ഐക്ക് പ്രസാധകൻ നേരിട്ട് പ്രസ്താവനയും മറ്റ് ആവശ്യമായ രേഖകളും സമർപ്പിക്കണം. എന്നാൽ, പുതിയ എഡിഷൻ മറ്റൊരു സംസ്ഥാനത്തുനിന്ന് ഉള്ളതോ മറ്റൊരു ഭാഷയിൽ (അതേ സംസ്ഥാനത്തോ മറ്റൊരു സംസ്ഥാനത്തോ) ഉള്ളതോ ആണെങ്കിൽമുൻകൂട്ടി ശീർഷക പരിശോധന നടത്തേണ്ടതാണ്.

10. ഒരു ഭാഷയിൽ സംസ്ഥാനത്ത് നിശ്ചിത ആനുകാലികതയിലുള്ള (periodicity) ശീർഷകം സ്വന്തമായുള്ള അപേക്ഷകന് മറ്റൊരു സംസ്ഥാനത്ത് മറ്റൊരു ഭാഷയിൽ അതേ ശീർഷകത്തിന് ഒരു പ്രത്യേക അവകാശവുമില്ല.

11. നേരത്തേ ആരെങ്കിലും കൈവശം വെച്ചിരുന്ന ശീർഷകം മറ്റൊരു സംസ്ഥാനത്തിനോ ഭാഷയ്ക്കോ ആനുകാലികത്തിനോ ആയി പരിശോധിക്കുന്നതു മാർഗ നിർദേശങ്ങൾ പ്രകാരമുള്ള ലഭ്യതയ്ക്കനുസരിച്ചായിരിക്കും.

12. ആർ.എൻ.ഐ. രജിസ്ട്രേഷനുള്ള പ്രസിദ്ധീകരണങ്ങൾ ഇതിനകം തന്നെ തങ്ങളുടെ പേരിൽ ഉള്ളവർ പുതിയ ശീർഷകത്തിന്(ശീർഷകങ്ങൾക്ക്) അപേക്ഷിക്കും മുൻപ് രജിസ്റ്റേഡ് പ്രസിദ്ധീകരണത്തിനു(ങ്ങൾക്കു)ള്ള വാർഷിക പ്രസ്താവന (ആന്വൽ സ്റ്റേറ്റ്മെന്റ്) യഥാവിധി പൂരിപ്പിച്ച് ആർ.എൻ.ഐ. ഓഫീസിൽ സമർപ്പിച്ചുവെന്ന് ഉറപ്പു വരുത്തണം.

13. ശീർഷക പരിശോധനയ്ക്കുള്ള അപേക്ഷ അപൂർണമാണെങ്കിൽ പരിഗണിക്കുന്നതല്ല.

14. ശീർഷക പരിശോധനയ്ക്കായുള്ള അപേക്ഷകളിൽ പ്രസ് രജിസ്ട്രാർ നടപടികൾ കൈക്കൊള്ളുന്നതിനുള്ള വിശദമായ മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു:

എ) ഒന്നോ സമാനമോ ആയ ശീർഷകം ഒരേ സംസ്ഥാനത്ത് ഏതു ഭാഷയിലായാലും അനുവദിക്കില്ല. ഒന്നോ സമാനമോ ആയ ശീർഷകം ഒരേ ഭാഷയിൽ ഇന്ത്യയിൽ എവിടെയും അനുവദിക്കില്ല.

ബി) വിദേശ വർത്തമാന പത്രത്തിന്റെയോ മാസികയുടെയോ അഥവാ തത്തുല്യമായതോ ആയ ശീർഷകത്തിനുള്ള അപേക്ഷ വിദേശ ശീർഷക ഉടമസ്ഥനിൽനിന്നു സാധുവായ ലൈസൻസ് കരാർ ഹാജരാക്കാത്തപക്ഷം പരിഗണിക്കില്ല.

സി) ഒരു അപേക്ഷകന് നേരത്തേ അനുവദിക്കപ്പെട്ട ശീർഷകം(ങ്ങൾ) ഉണ്ടെങ്കിൽ അത്/അവ രജിസ്റ്റർ ചെയ്ത ശേഷം മാത്രമേ പുതിയ ശീർഷകത്തിന്(ങ്ങൾക്ക്) അപേക്ഷിക്കാവൂ.

ഡി)മൂന്നിലേറെ ശീർഷകങ്ങൾക്കായി ഒരേസമയം അപേക്ഷിക്കരുത്. ഒരേ അപേക്ഷകനിൽനിന്നു മൂന്നിലേറെ ശീർഷകങ്ങൾക്ക് അപേക്ഷ ലഭിക്കുന്നപക്ഷം മൂന്നെണ്ണം മാത്രമേ പരിഗണിക്കുകയുള്ളൂ. ബാക്കിയുള്ളവയെല്ലാം തള്ളിക്കളയും.

ഇ) താഴെ പറയുന്ന ഗണങ്ങളിൽ പെടുന്നവ ഒഴികെ ശീർഷകങ്ങൾക്കായുള്ള അപക്ഷേകൾ, ആദ്യം ലഭിക്കുന്ന ക്രമ പ്രകാരമാണു പരിഗണിക്കുക.

1) വിദേശ ശീർഷകമാണെങ്കിൽ അപേക്ഷകൻ വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിൽനിന്നുള്ള എൻ.ഒ.സി. ഹാജരാക്കുന്നപക്ഷം.

2) കോടതിയിൽനിന്നോ മറ്റു നിയമസ്ഥാപനങ്ങളിൽ നിന്നോ നിർദേശങ്ങൾ ഉള്ളപക്ഷം അത്തരം തീരുമാനത്തിനോ ഉത്തരവിനോ എതിരെ അപ്പീൽ നൽകേണ്ടതില്ല എന്നു തീരുമാനിച്ചിട്ടുണ്ട്.

3) പൊതു താൽപര്യമുള്ള പക്ഷം പ്രസ് രജിസ്ട്രാറുടെ അംഗീകാരത്തോടെ.

എഫ്) അപേക്ഷകൻ അപേക്ഷ പൂരിപ്പിക്കുമ്പോൾ സംഭവിക്കുന്ന അക്ഷരത്തെറ്റുകൾ നിമിത്തം ശീർഷകത്തിനുള്ള അപേക്ഷ തള്ളിപ്പോകുന്നതിന് ആർ.എൻ.ഐക്ക് ഉത്തരവാദിത്തമില്ല.

ജി) പ്രസ് ആൻഡ് രജിസ്ട്രേഷൻ ഓഫ് ബുക്സ് ആക്റ്റ്, 1867ന്റെ സെക്ഷൻ ഒന്ന് പ്രകാരം നിർവചിക്കപ്പെട്ട വർത്തമാന പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും മാത്രമേ ആർ.എൻ.ഐ. രജിസ്റ്റർ ചെയ്യുകയുള്ളൂ. താഴെ പറയുന്ന വിഭാഗങ്ങളുടെ ശീർഷക പരിശോധനയ്ക്കായി അപേക്ഷകർ നൽകുന്ന അപേക്ഷകൾ പരിഗണിക്കില്ല.

1) വാർത്താ ഏജൻസികൾ

2) ഫീച്ചർ ഏജൻസികൾ

3) വാർത്താ വെബ്സൈറ്റുകൾ

4) വാർത്താ ചാനലുകൾ

5) ഡോട് കോം, ഡോട് ഇൻ, ഇ–, ബ്ലോഗ്, പോർട്ടൽ, ഫേസ്ബുക്ക്, ടിറ്റർ, ഓർക്കൂട്ട്, ലിങ്ക്ഡ്ഇൻ, യൂട്യൂബ്, യാഹൂ, ഗൂഗിൾ, വിക്കിപീഡിയ, വിക്കിലീക്സ് തുടങ്ങിയ വാക്കുകൾ ഉപയോഗിച്ചുള്ളത് ഉൾപ്പെടെ പ്രസിദ്ധീകരണങ്ങളുടെ ഇലക്ട്രോണിക് രൂപത്തിനുള്ള ശീർഷക അപേക്ഷകൾ.

15. നിർദിഷ്ട വർത്തമാനപ്പത്രങ്ങളുടെ ശീർഷകങ്ങൾക്കായി ഇനി പറയുന്ന വിഭാഗങ്ങൾ പരിഗണിക്കുന്നതല്ല:

i)ഗവൺമെന്റ് വകുപ്പുകൾ, സർക്കാർ സ്ഥാപനങ്ങൾ, വിദേശ ഗവൺമെന്റുകൾ, അന്താരാഷ്ട്ര സംഘടനകൾ, യുഎൻ, ഡബ്ല്യുഎച്ച്ഒ, ഐഎൽഒ തുടങ്ങിയവ ഉൾപ്പെടുന്നശീർഷകങ്ങൾ പാടില്ല. (ഇവയുമായി ബന്ധമുണ്ടെന്നു തെറ്റിദ്ധരിക്കപ്പെടുന്നതിനാലാണിത്).

ii) കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകളുടെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ പേരുകൾ അടങ്ങിയ ശീർഷകങ്ങൾ ഒഴിവാക്കണം.

iii)വാർത്തകളോ വീക്ഷണങ്ങളോ ലേഖനങ്ങളോ ഉൾപ്പെടാത്തതിനാൽ പരസ്യം, ക്ലാസിഫൈഡ്, ടെൻഡർ, റിയൽ എസ്റ്റേറ്റ്, കലണ്ടർ, പഞ്ചാംഗം, മാട്രിമോണിയൽ, യെല്ലോ പേജുകൾ/ പേജ് (സാധാരണയായി വൈറ്റ്, പിങ്ക് തുടങ്ങിയവ മുന്നിൽ വരുന്നവ), ഗൈഡ്, ഡയറി, സാരാംശം, ഫാക്ട് ഷീറ്റ്, ബുള്ളറ്റിൻ, ലഘുലേഖ, ബ്രോഷർ, ഡയറക്ടറി തുടങ്ങിയ വാക്കുകൾ അടങ്ങിയ ശീർഷകങ്ങൾ പരിഗണിക്കില്ല.

iv) ചുരുക്കപ്പേരുകളോ സംക്ഷേപങ്ങളോ അടങ്ങിയ ശീർഷകങ്ങൾ പാടില്ല. ഉദാഹരണം: B2B, A2Z മുതലായവ.

v)ചിത്രലിപികൾ, വീഡിയോഗ്രാമുകൾ, ഹാൾമാർക്കുകൾ, ലോഗോകൾ, മോണോഗ്രാമുകൾ, ചുരുക്കപ്പേരുകൾ, ഫോണോഗ്രാമുകൾ, ഇമോജികൾ തുടങ്ങിയ അടയാളങ്ങളോ സൂചകങ്ങളോ അടങ്ങിയ ശീർഷകങ്ങൾ ഉപയോഗത്തിനായി പരിഗണിക്കില്ല.

vi) ചിഹ്നങ്ങൾ, ചിത്രങ്ങൾ തുടങ്ങിയ നോൺ ആൽഫാ ന്യൂമെറിക് ക്യാരക്ടറുകൾ ഉൾപ്പെട്ട ശീർഷകങ്ങൾ.

vii) പ്രഥമദൃഷ്ടിയിൽ അർത്ഥശൂന്യവും യുക്തിരഹിതവുമായ ശീർഷകങ്ങൾ പരിഗണിക്കില്ല.

സംഖ്യകൾ, ഗണിത ശാസ്ത്ര ചിഹ്നങ്ങൾ (+ , *,etc) തുടങ്ങിയവയും ആഴ്ചപ്പതിപ്പ് വീക്കിലി, സന്ധ്യ ഈവനിങ്, ഡെയിലി ദിനവാർത്ത തുടങ്ങിയ അർത്ഥശൂന്യമായ കൂട്ടിച്ചേർക്കലും ശീർഷകങ്ങളിൽ ഒഴിവാക്കണം.

viii) മതപരമായ വ്യംഗ്യാർത്ഥങ്ങൾ അടങ്ങിയ വാക്കുകൾ, സമൂഹത്തിൽ അശ്ലീലമോ അനിഷ്ടമോ തോന്നിപ്പിക്കുന്ന വാക്കുകൾ എന്നിവ ശീർഷകങ്ങളിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

ix) തെറ്റായ അർത്ഥങ്ങൾ അടങ്ങിയ വാക്കുകളും അഴിമതി, കുറ്റകൃത്യം തുടങ്ങിയവയുമായി ചേർത്തുവയ്ക്കാൻ സാധിക്കുന്ന വാക്കുകളും ശീർഷകങ്ങളിൽ നിന്ന് ഒഴിവാക്കണം.

x) എംപ്ലോയ്മെന്റ്, റോസ്ഗർ, കരിയർ, ജോബ്, നൗക്രി തുടങ്ങിയ വാക്കുകൾ ഓർഗനൈസേഷനുകൾ, സൊസൈറ്റികൾ, കമ്പനികൾ, ട്രസ്റ്റുകൾ എന്നിവയ്ക്ക് മാത്രമേ ശീർഷകങ്ങളിൽ ഉപയോഗിക്കാൻ ആകൂ. വ്യക്തിപരമായ അപേക്ഷകളിൽ ഇത്തരം വാക്കുകൾ ശീർഷകങ്ങളിൽ പരിഗണിക്കില്ല.

xi) 1950-ലെ ദി എംബ്ലം ആൻഡ് നെയിം (ദുരുപയോഗം തടയൽ) ആക്ടിന്റെ ലംഘനമായി വരാവുന്ന ശീർഷകങ്ങൾ പാടില്ല.

xii) കേന്ദ്ര ഗവൺമെന്റ്/സംസ്ഥാന ഗവൺമെന്റുകൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടവ എന്ന് തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ളവയോ ദേശീയ ചിഹ്നങ്ങൾ, സൂക്തങ്ങൾ എന്നിവയുമായി സാമ്യമുള്ളതോ ആയ ശീർഷകങ്ങൾ പാടില്ല.

xiii) പൊലീസ്', ബ്യൂറോ', 'ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ട്മെന്റ്', വിജിലൻസ്', സിഐഡി', സിബിഐ' തുടങ്ങിയ റെഗുലേറ്ററി/എൻഫോഴ്സ്മെന്റ് ഏജൻസികളുടെ പേരുകൾ ശീർഷകങ്ങളിൽ നിന്ന് ഒഴിവാക്കണം. (ബന്ധപ്പെട്ട വകുപ്പിന് ഒഴികെ).

xiv) നിലവിലെ/മുൻ രാഷ്ട്രപതി, പ്രധാനമന്ത്രി, പ്രസിദ്ധീകരണം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ഗവർണറും മുഖ്യമന്ത്രിയും, നിലവിലെ ചീഫ് ജസ്റ്റിസ്, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ, മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ എന്നിവരുടെ പേരുകൾ ഉള്ള ശീർഷകങ്ങൾ പാടില്ല.

xv) ദേശീയ നേതാക്കളുടെ പേരുകളോ അവയുമായി സാമ്യം വരുന്ന പേരുകളോ, സർക്കാർ മേധാവികൾ, കേന്ദ്ര/സംസ്ഥാന ഗവൺമെന്റിലെ ഉദ്യോഗസ്ഥർ എന്നിവരുടെ പേരുകളോ ഉൾപ്പെടുന്ന ശീർഷകങ്ങൾ പരിഗണിക്കില്ല. എന്നിരുന്നാലും, അംഗീകൃത ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ പേരുകൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട സംഘടനയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിഗണിക്കും.

xvi) നിലവിലുള്ള രജിസ്റ്റർ ചെയ്ത പത്രങ്ങളുടെ പേരുകൾ കൂട്ടിച്ചേർത്തുള്ള ശീർഷകങ്ങൾ, നിലവിലുള്ള രണ്ടോ അതിലധികമോ ശീർഷകങ്ങൾ കൂട്ടിച്ചേർത്തവ, കാര്യമായ വ്യത്യാസം ഉണ്ടാകാത്ത രീതിയിൽ നിലവിലുള്ള ഏതെങ്കിലും ശീർഷകത്തിലെ ഭാഗം ഉപയോഗിച്ചുള്ള ശീർഷകങ്ങൾ തുടങ്ങിയവ പരിഗണിക്കില്ല. നിലവിലുള്ള ഒരു ശീർഷകത്തിന്റെ രണ്ട് വാക്കുകൾക്കിടയിൽ ഒരു വാക്ക് ചേർക്കുന്ന സാഹചര്യത്തിൽ ഇത് പുതിയ ശീർഷകത്തിന്റെ അർത്ഥത്തിൽ കാര്യമായ വ്യത്യാസം വരുത്തുന്നില്ലെങ്കിൽ സമാനമായി കണക്കാക്കും.

xvii) നിലവിലുള്ള ഒരു ശീർഷകത്തിലെ അതേ വാക്കുകൾ അതേപോലെയോ മറ്റൊരു ക്രമത്തിലാക്കിയോ ശീർഷകത്തിനായി അപേക്ഷിക്കരുത്.

xviii) നഗരം, സംസ്ഥാനം, ഭാഷ എന്നിവയുടെ പേരുകളോ പ്രസിദ്ധീകരണത്തിന്റെ ആനുകാലികതയോ, മുൻപദങ്ങൾ/നാമവിശേഷണങ്ങൾ, ആർട്ടിക്കിളുകൾ(A, An, The) എന്നിവയോ നിലവിലുള്ള ശീർഷകത്തിന്റെ മുന്നിലോ പിന്നിലോ ചേർത്തുകൊണ്ടുള്ള ശീർഷകങ്ങൾ പരിഗണിക്കില്ല. ഉദാഹരണങ്ങൾ ഇവയാണ്: ദി, ടൈംസ്, ഡെയ്‌ലി, ദൈനിക്, വീക്ക്‌ലി, വി/വാർത്ത, ആജ്, ടുഡേ, എക്സ്പ്രസ്, ന്യൂസ്, വാർത്ത, ദിനവൃ

ത്താന്തം, ബുള്ളറ്റിൻ, ഡയറി, ഇന്ത്യ, നാഷണൽ, രാഷ്ട്രീയ തുടങ്ങിയവ.

xix) പ്രസിദ്ധീകരണത്തിന്റെ ആനുകാലികതയോ (periodicity) ഭാഷയുടെ പേരോ നിലവിലുള്ള ഒരു ശീർഷകത്തിനു മുന്നിലോ പിന്നിലോ ചേർത്തുകൊണ്ടുള്ള ശീർഷകങ്ങൾ പരിഗണിക്കില്ല.

xx) മത്സരാധിഷ്ഠിത പരീക്ഷകൾ മാത്രം ലക്ഷ്യമിട്ടുള്ളതോ പഠനത്തിന് സഹായകരമായ കാര്യങ്ങൾ മാത്രം അടങ്ങിയിട്ടുള്ളതോ ആയ പ്രസിദ്ധീകരണങ്ങളുടെ ശീർഷകങ്ങൾ പരിഗണിക്കില്ല.

xxi) നിർദിഷ്ട ശീർഷകത്തിന്റെ അക്ഷരവിന്യാസം വ്യത്യസ്തമാണെങ്കിലും സ്വരസൂചകം കാരണം നിലവിലുള്ള ശീർഷകത്തിന് സമാനമാകുന്ന ശീർഷകങ്ങൾ പരിഗണിക്കില്ല.

16. അപേക്ഷകരുടെ മാർഗനിർദേശത്തിനുള്ള വിവിധ നിർദേശങ്ങൾ/വ്യവസ്ഥകൾ:

(a) ശീർഷകം സ്ഥിരീകരിച്ച് ഒരു വർഷത്തിനുള്ളിൽ ഉടമ/പ്രസാധകൻ ന്യൂസ്പേപ്പർ രജിസ്ട്രാറുടെ (ആർഎൻഐ) ഓഫീസിൽ ശീർഷകം രജിസ്റ്റർ ചെയ്യണം. അംഗീകാരം ലഭിച്ച ശീർഷകം ഒരു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തില്ലെങ്കിൽ, ഇതു നഷ്ടമാകുകയും മറ്റ് അപേക്ഷകർക്ക് ലഭ്യമാകുകയും ചെയ്യും.

(b) ശീർഷക അംഗീകാരത്തിനായി ഒരു അപേക്ഷ പരിഗണിക്കുന്നസമയത്ത്, വൈരുധ്യം സൂചിപ്പിച്ചു കൊണ്ടുള്ള കത്ത് (ഡി/എൽ) നൽകിയിട്ടുണ്ടെങ്കിൽ, 60 ദിവസത്തിനുള്ളിൽ അപേക്ഷകൻ മറുപടി നൽകണം. നിശ്ചിത സമയത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ അപേക്ഷ നിരസിക്കപ്പെടും. അത്തരം സന്ദർഭങ്ങളിൽ പുതിയ ശീർഷക അപേക്ഷ ബന്ധപ്പെട്ട ജില്ലാ മജിസ്ട്രേറ്റിന്റെ സാക്ഷ്യപത്രത്തോടൊപ്പം സമർപ്പിക്കണം.

(c) പൊരുത്തക്കേടുകൾ സൂചിപ്പിച്ചു കൊണ്ടുള്ള കത്ത് ആർഎൻഐ വെബ്സൈറ്റിൽ ലഭ്യമാകും. കത്ത് ലഭ്യമാകാത്തതാണ് മറുപടി സമർപ്പിക്കാൻ കാലതാമസം വന്നത് എന്ന കാര്യം പരിഗണിക്കപ്പെടില്ല.

(d) ഒരപേക്ഷകന് മുമ്പ് അവന്റെ/അവളുടെ ഉടമസ്ഥതയിലുണ്ടായിരുന്നതും ഡീബ്ലോക്ക് ചെയ്തതുമായ ശീർഷകത്തിനുമേൽ പിന്നീട് ഒരു അവകാശവും ഉണ്ടായിരിക്കില്ല. ഏത് അപേക്ഷകനുവേണ്ടിയും ഡീബ്ലോക്ക് ചെയ്ത ശീർഷകം പരിഗണിക്കുന്നത് നിലവിലെ മാർഗനിർദേശങ്ങളും നിയമങ്ങളും അനുസരിച്ചായിരിക്കും.

(e) ഒരപേക്ഷ നിരസിച്ചുകഴിഞ്ഞാൽ, ഫോർവേഡിങ് അതോറിറ്റിയിലൂടെ പുതിയ അപേക്ഷ അപേക്ഷകൻ സമർപ്പിക്കേണ്ടതുണ്ട്. ഫോർവേഡിങ് അതോറിറ്റി സ്ഥിരീകരിക്കാത്ത ശീർഷകങ്ങൾ അപേക്ഷകനിൽ നിന്ന് ആർഎൻഐ നേരിട്ട് സ്വീകരിക്കില്ല.

(f) ശീർഷകം രജിസ്റ്റർ ചെയ്യാത്തിടത്തോളം, കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് അംഗീകരിക്കപ്പെട്ട ശീർഷകം റദ്ദു ചെയ്യുവാൻ പ്രസ് രജിസ്ട്രാറിന് അധികാരമുണ്ട്.

(g) നടപടിക്രമങ്ങളുടെ കാലതാമസവും നിരസിക്കലും ഒഴിവാക്കാൻ ശീർഷക അംഗീകാരത്തിനുള്ള അപേക്ഷകർ മാർഗനിർദേശങ്ങൾ കർശനമായി പാലിക്കാൻ നിർദേശിക്കുന്നു.

(h) ഇതുസംബന്ധിച്ചവ്യാഖ്യാനങ്ങളിൽ എന്തെങ്കിലും സംശയം നിലനിൽക്കുന്നുവെങ്കിൽ, പ്രസ് രജിസ്ട്രാരുടെ തീരുമാനം അന്തിമമായിരിക്കും.

(i) ജേർണലുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ശീർഷകങ്ങൾക്ക് ഒരു വ്യക്തിയുടെ പരിൽ അംഗീകാരം ലഭിക്കില്ല. സംഘടനകൾ/സ്ഥാപനങ്ങൾ/സൊസൈറ്റികൾ എന്നിവയുടെ പേരിൽ മാത്രമാണ് ജേർണലുകൾക്ക് അംഗീകാരം ലഭിക്കുക. അത്തരം സന്ദർഭങ്ങളിൽ സമാന വിഷയങ്ങളിലുള്ള വിവിധ ജേർണലുകൾ തിരിച്ചറിയുന്നതിന് സ്ഥാപനം/സംഘടന/കമ്പനി ശീർഷകത്തിന് മുമ്പായി പേരുചേർക്കണം.

(j) പ്രസിദ്ധീകരണത്തിന്റെ ഉള്ളടക്കം വാർത്തകളുടെയോ വാർത്താധിഷ്ഠിത അഭിപ്രായങ്ങളുടെയോ പരിധിയിൽ വന്നില്ലെങ്കിലോ, ശീർഷകം അപേക്ഷിക്കുമ്പോൾ സൂചിപ്പിച്ച സ്വഭാവവും ഉള്ളടക്കവുമായി പൊരുത്തപ്പെടുന്നില്ലെങ്കിലോ, അംഗീകാരം ലഭിച്ച ശീർഷകം രജിസ്ട്രേഷന് മുമ്പായി റദ്ദാക്കലിന് വിധേയമാകും.

(k) പത്രം/പ്രസിദ്ധീകരണം പുറത്തിറക്കാൻ ഒരു ഗവൺമെന്റ് വകുപ്പ്/ഓർഗനൈസേഷൻ ഉദ്ദേശിക്കുന്നുവെങ്കിൽ, ശീർഷക സ്ഥിരീകരണത്തിനുള്ള അപേക്ഷ നൽകേണ്ടത് ബന്ധപ്പെട്ട വകുപ്പ് മേധാവിയാണ്. ശീർഷകത്തിന് അദ്ദേഹത്തിന്റെ പേരിൽ മാത്രം അംഗീകാരം നൽകും.

17. ഡിസ്ക്ലെയ്മർ: നിർദിഷ്ട പത്രത്തിന്റെ/ആനുകാലികത്തിന്റെ ശീർഷക അംഗീകാര പരിശോധന, 1867ലെ പിആർബി നിയമത്തിനു കീഴിലുള്ള രജിസ്ട്രാർ ഓഫ് ന്യൂസ്പേപ്പേഴ്സ് മുമ്പാകെ പ്രസ്തുത ദിനപത്രം രജിസ്റ്റർ ചെയ്യുന്നതിനു മാത്രമുള്ളതാണ്. ശീർഷകത്തിന്റെ സ്ഥിരീകരണം ട്രേഡ്മാർക്ക്/ബ്രാൻഡ് നാമം, കമ്പനി നാമം മുതലായവയ്ക്കുള്ള അംഗീകാരമായി കണക്കാക്കേണ്ടതില്ല. അത്തരം ആവശ്യങ്ങൾക്ക് ട്രേഡ്മാർക്ക് നിയമം, കമ്പനി നിയമം മുതലായ പ്രസക്തമായ നിയമങ്ങളുടെ വ്യവസ്ഥപ്രകാരം ബന്ധപ്പെട്ട അധികൃതരിൽ നിന്നുള്ള അനുമതി വാങ്ങേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട ഏത് തർക്കവും ബന്ധപ്പെട്ട രണ്ട് കക്ഷികൾ തമ്മിലുള്ള തർക്കം മാത്രമായിരിക്കും. ഇന്ത്യയുടെ രജിസ്ട്രാർ ഓഫ് ന്യൂസ്പേപ്പേഴ്സ് ഒരു തരത്തിലും അത്തരം തർക്കത്തിൽ കക്ഷിയാകുന്നതല്ല.